നേമം - പുന്നക്കാമുഗൾ കൊട്ടർകോണം കളം നവീകരണം

148 (2703) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നേമം നിയോജക മണ്ഡലത്തിൽ പുന്നക്കാമുഗൾ വാർഡിലെ കൊട്ടർകോണം കുളത്തിന്റെ ശുചീകരണ-നവീകരണ പ്രവർത്തനങ്ങൾ ചെറുകിട ജലസേചന വകുപ്പ് 2012-ൽ ആരംഭിച്ചുവെങ്കിലും നാളിതുവരെ പൂർത്തിയാക്കാത്തത് എന്തുകൊണ്ടാണെന്നും ആയത് എന്നത്തേക്കു പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കുളത്തിന്റെ നവീകരണ-ശുചീകരണ പ്രവർത്തനങ്ങൾക്കായി എത്ര തുകയാണു നീക്കിവച്ചിട്ടുള്ളതെന്നും അതിൽ എത്ര തുക നാളിതുവരെ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രസ്തുത കുളത്തിന്റെ വശങ്ങളിൽ, കോർപ്പറേഷന്റെ സഹായത്താൽ നിർമ്മിച്ചു നൽകിയ വീടുകളിലെ സെപ്റ്റിക് ടാങ്കുകളിൽ നിന്നുള്ള മാലിന്യങ്ങൾ കുളത്തിലേക്ക് നേരിട്ട് ഇറന്നു വച്ചതായി കാണപ്പെട്ടിട്ടുണ്ട്. പ്രസ്തുത അവസ്ഥയിൽ മാറ്റം വന്നാൽ മാത്രമേ കുളത്തിന്റെ നവീകരണം നടത്തുന്നതുകൊണ്ട് പ്രയോജനമുള്ളൂ. ആയതിനാൽ സെപ്റ്റിക് ടാങ്കുകൾക്ക് പകരം K.W.A-യുടെ സ്വീവേജ് ലൈൻ സ്ഥാപിച്ച് ടോയ്ലെറ്റുകൾ അതിൽ ഘടിപ്പിക്കുന്നതിനുള്ള പദ്ധതി കേരളാ വാട്ടർ അതോറിറ്റി ഏറ്റെടുക്കുകയും പൂർത്തീകരിക്കുകയും ചെയ്തു. നിലവിലുള്ള ടോയ്ലെറ്റുകൾ മെയിൻ ലൈനിനേക്കാൾ താഴ്ന്ന നിലയിൽ സ്ഥിതിചെയ്യുന്നതിനാൽ ഇപ്പോഴത്തെ നിലയ്ക്ക് ഇതിന്റെ കണക്ഷൻ നൽകാൻ സാധ്യമല്ലാത്ത സ്ഥിതിയാണ്. അതിനാൽ ടോയ്ലെറ്റുകൾ ഉയർത്തി പണിത് അതിന്റെ ഔട്ട്ലെറ്റ് മെയിൻ ലൈനിൽ ഘടിപ്പിച്ചാൽ മാത്രമേ ഇത് ഉപയുക്തമാകുകയുള്ളൂ. ഈ ടോയ്ലെറ്റുകൾ സ്വയം പൊളിച്ചുപണിയാൻ സാധ്യമല്ല എന്ന് വീട്ടുകാർ അറിയിച്ചതിനാൽ പ്രസ്തുത സ്ഥിതി തുടരുകയാണ്. ഈ അവസ്ഥയിൽ തുടർ നവീകരണം പ്രയോജനരഹിതമാണെന്ന് കണ്ടതിനാലും കരാർ കാലാവധി കഴിഞ്ഞു എന്ന് കരാറുകാരൻ അറിയിച്ചതിനാലും കരാറുകാരന്റെതല്ലാത്ത കാരണങ്ങളാൽ പണി മുന്നോട്ടു പോകാൻ സാധിക്കാത്തതിനാലും പ്രസ്തുത പണി ഫോർക്ലോസ് ചെയ്ത് കരാറുകാരനെ വിടുതൽ ചെയ്തിട്ടുണ്ട്. മുൻ പ്രസ്താവിച്ച വിധത്തിൽ ടോയ്ലെറ്റുകളുടെ കണക്ഷൻ മാറ്റി നൽകിയതിനുശേഷം വീണ്ടും എസ്റ്റിമേറ്റ് തയ്യാറാക്കി പണി arrange ചെയ്താൽ മാത്രമേ കുളം നവീകരണം സാധ്യമാകുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കുളത്തിന്റെ നവീകരണ ശുചീകരണ പ്രവർത്തനങ്ങൾക്കായി 12,00,000 രൂപയാണ് നീക്കി വച്ചിരുന്നത്. അതിൽ നാളിതുവരെ 1,26,030 രൂപ ചെലവഴിച്ചിട്ടുണ്ട്.

ഉദുമ കൊവ്വൽ, കൊപ്പൽ തീരപ്രദേശത്തെ കടൽഭിത്തി നിർമ്മാണം

149 (2704) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ഉദുമ കൊവ്വൽ, കൊപ്പൽ തീരപ്രദേശത്തെ രൂക്ഷമായ കടലാക്രമണം തടയുന്നതിന് കടൽഭിത്തി നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ട് ഉദുമ എം.എൽ.എ. നൽകിയ ഹർജിയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ :

(ബി) എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി) കാസർഗോഡ് ജില്ലയിൽ ഉദുമ കൊവ്വൽ, കൊപ്പൽ തീരപ്രദേശത്തെ കടൽ തീരത്ത് കടൽഭിത്തി നിർമ്മാണത്തിനായി 296 ലക്ഷം രൂപയുടെ ഒരു പ്രൊപ്പോസൽ നബാർഡ് ആർ.ഐ.ഡി.എഫ് XX-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കല്ലട ഇറിഗേഷൻ പദ്ധതി

150 (2705) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കല്ലട ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായ ചിറക്കര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയും അനുബന്ധ ജോലികളായ പരവൂർ, ഭൂതക്കുളം മേഖലയിലെ കനാൽ ജോലികളും പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത ആവശ്യം നിറവേറ്റുന്നതിലേക്കായി കേന്ദ്ര ഗവൺമെന്റ് പദ്ധതികളായ ഇ.ആർ.എം. സ്കീമിൽ ഉൾപ്പെടുത്തി ഫണ്ട് കണ്ടെത്തുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവോ ; വിശദാംശം അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly